THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"

AIM HIGH, TOGETHER WE FLY

| | | |
|---|---|---|
| **LANGUAGE-2**<br>**GRADE- VIII** | **CPE-1[2022-23]**<br>**MALAYALAM** | **Max marks- 20**<br>**Time – 1 Hr** |

| | | |
|---|---|---|
| I | താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. | 1x5 = 5 |
| | ഒരു കുഞ്ഞിൻെറ ചിന്തയെപ്പോലും നിയന്ത്രിക്കുന്നത് മാതൃഭാഷയാണ്. ബുദ്ധിവികാസവും ഭാഷയുടെ സഹായത്തോടെ മാത്രമേ നടക്കുകയുള്ളൂ. ചിന്തയും ബുദ്ധിയുമാണല്ലോ മനുഷ്യനെ മനുഷ്യനാക്കിതീർക്കുന്ന ഘടകങ്ങൾ, ഇങ്ങനെ നോക്കുമ്പോൾ മനുഷ്യജീവിതത്തിൻെറ അടിത്തറതന്നെ ഭാഷയാണ് എന്നു കാണാം നാം ജീവിക്കുന്ന നാടിൻെറ എല്ലാ സവിശേഷതകളും ഭാഷയിൽ ഉൾച്ചേർന്നിരിക്കുന്നു, മാതൃഭാഷാസാഹിത്യത്തിൽ ഈ ദേശവും ഇവിടുത്തെ മനുഷ്യരുടെ ജീവിതവും ഈ നാടിൻെറ സംസ്കാരവും കലർന്നിരിക്കുന്നു. അത് പഠിക്കുമ്പോൾ കുട്ടി തൻെറ നാടിൻെറ സാംസ്കാരിക പൈതൃകത്തിൽ അഭിമാനമുള്ളവരായിത്തീരുന്നു. വ്യക്തിയുടെ ഉള്ളിൽ പലതരം കഴിവുകൾ ഒളിഞ്ഞിരിപ്പുണ്ട്. കലാപരവും സാഹിത്യപരവുമായകഴിവുകൾ കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനും മാതൃഭാഷാപഠനം ഏറെ സഹായകമാവുന്നു. ആസ്വാദനശേഷി വളരാനും സഹൃദയത്വം നേടാനും മാതൃഭാഷാപഠനം ഏറ്റവും അത്യാവശ്യമാണ്. സാധാരണക്കാരൻെറ ഉള്ളിൽ അറിവും ശാസ്ത്രബോധവും എത്തിക്കാൻ മാതൃഭാഷയെപ്പോലെ സഹായകമാവുന്ന മറ്റൊരുഭാഷയില്ല എന്നുതന്നെ പറയാം. ഒരു വ്യക്തിക്ക് സ്വന്തം ജീവിതത്തിൽ ഏറ്റവും അധികം ആവശ്യമായി വരുന്നത് മാതൃഭാഷയാണ്. മനുഷ്യൻ സംസാരിക്കുന്നതും ചിന്തിക്കുന്നതും മാതൃഭാഷയിലൂടെയാണ്. | |
| 1. | മാതൃഭാഷാസാഹിത്യത്തിൽ എന്തൊക്കെ കലർന്നിരിക്കുന്നു ?<br>a. ശാസ്ത്രബോധവും സാഹിത്യബോധവും<br>b. ചിന്തയും ബുദ്ധിയും<br>c. മനുഷ്യൻെറ ജീവിതവും മനുഷ്യൻെറ സംസ്കാരവും<br>d. ഭാഷണവും ആശയവിനിമയവും | |
| 2. | മനുഷ്യനെ മനുഷ്യനാക്കിത്തീർക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണ് ?<br>a. ഭാഷയും ഭാഷണവും<br>b. ബുദ്ധിയും സംസാരവും | |

| | | |
|---|---|---|
| | c. സംസ്കാരവും ചിന്തയും<br>d. ചിന്തയും ബുദ്ധിയും | |
| 3. | ഒരു വ്യക്തിക്ക് സ്വന്തം ജീവിതത്തിൽ ഏറ്റവും കൂടുതൽ ആവശ്യം വരുന്നത് എന്താണ് ?<br>a. മാതൃഭാഷ<br>b. ഭാഷകൾ<br>c. സംസ്കാരം<br>d. പണം | |
| 4. | എന്തിൻെറ അടിത്തറയാണ് മാതൃഭാഷ ?<br>a. മനുഷ്യവളർച്ചയുടെ<br>b. മനുഷ്യജീവിതത്തിൻെറ തന്നെ<br>c. മനുഷ്യ സംസ്കാരത്തിൻെറ<br>d. മനുഷ്യചിന്തയുടെ | |
| 5. | മാതൃഭാഷപഠിക്കുമ്പോൾ കുട്ടി അഭിമാനമുള്ളവനായിത്തീരുന്നത് എന്തിലാണ് ?<br>a. നാടിൻെറ സാംസ്കാരിക പൈതൃകത്തിൽ<br>b. നാടിൻെറ ഭൂമിശാസ്ത്ര പൈതൃകത്തിൽ<br>c. നാടിൻെറ ഭാഷണ പൈതൃകത്തിൽ<br>d. നാടിൻെറ വ്യതിരിക്തപൈതൃകത്തിൽ | |
| II | **ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** | |
| 6. | ‘കുഴൽ – കഴൽ’ അർത്ഥവ്യത്യാസം ഏത് ?<br>( തല, കാല്, നിഴൽ, മുടി ) | 1x1 = 1 |
| 7. | ‘ആശ’ – നാനാർത്ഥം കണ്ടെത്തിയെഴുതുക.<br>( ആഗ്രഹം, കയർ, മാല, ദിക്ക് ) | 1x1 = 1 |
| 8. | ‘ആരംഭം’ എന്ന പദത്തിൻെറ വിപരീതം എന്ത് ?<br>( അനാരംഭം, വിനാരംഭം, തുടക്കം, അവസാനം ) | 1x1 = 1 |
| 9 | ‘അർജുനൻ’ – പര്യായപദങ്ങൾ കണ്ടെത്തിയെഴുതുക<br>( പാർത്ഥൻ, മുകുന്ദൻ, ഭർഗൻ, വിജയൻ ) | 1x1 = 1 |
| 10 | ശരിയായ പദം ഏത് ?<br>(പണ്ഡിതൻ, പണ്ടിതൻ, പണ്ഢിതൻ,പൻടിതൻ) | 1x1 = 1 |
| III | **ഏതെങ്കിലും ഒരു ചോദ്യത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** | |
| 11 | അമ്മ വിളിച്ചിട്ടും കണ്ണൻ ഉണ്ണാൻ ചെല്ലാതിരുന്നതെന്തുകൊണ്ട് ? | 1x2 = 2 |
| 12 | എഴുത്തച്ഛൻ അറിയപ്പെട്ടിരുന്നത് ഏതെല്ലാം പേരുകളിലാണ് ? | |

| | | |
|---|---|---|
| | | |
| **IV** | **ഏതെങ്കിലും ഒരു ചോദ്യത്തിന് നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക** | 1x3 = 3 |
| 13. | എഴുത്തച്ഛൻ ദൈവനാമങ്ങൾ മാലപോലെ കൊരുത്താണ് പലപ്പോഴും കാവ്യരചന നിർവ്വഹിച്ചത്. ഇതിനു ലേഖകൻ കണ്ടെത്തിയ ന്യായം എന്ത്? | |
| 14. | ലഘുക്കുറിപ്പ് തയ്യാറാക്കുക – കിളിപ്പാട്ട് പ്രസ്ഥാനം . | |
| V<br>15 | നിങ്ങളുടെ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ നടപടി കൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ജില്ലാകളക്ടർക്ക് കത്ത് തയ്യാറാ ക്കുക. | 1x5 = 5 |